# പതിനാലാം കേരള നിയമസഭ

## പതിനാറാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 906 — 30/10/2019 ൽ മറുപടിയ്ക്ക്

### തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ.മുരളി | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| | പാതയോരത്തും സർക്കാർ ഭൂമിയിലുമുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പകരം തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സോഷ്യൽ ഫോറസ്ട്രി വിഭാഗം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ; | | പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ചതും, റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ജന്മഭൂമി' എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. പാതയോരത്തെ തണൽ മരങ്ങൾ മുറിച്ചുമാറ്റേണ്ടതുണ്ടോ എന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.<br><br>മറ്റ് സ്ഥാപനങ്ങളുമായി കരാർ ഇടപാടുകൾ ഇല്ലാത്ത അക്കേഷ്യ തോട്ടങ്ങൾ മുറിച്ചു നീക്കിയ ശേഷം തദ്ദേശീയ വൃക്ഷങ്ങളായ ഞാവൽ, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും, കണിക്കൊന്ന, മരുത്, മണി മരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും, തടിയ്ക്കനുയോജ്യ മായ തേക്ക്, ഈട്ടി, പൂവരശ്, കമ്പകം, കരിമരുത്, തുടങ്ങിയവയും, ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയവയും നട്ടുപിടിപ്പിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. |

സെക്ഷൻ ഓഫീസർ